# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1149 — 12.03.2015 -ലെ മറുപടിയ്ക്ക്

### കോഴിക്കോട് സർവ്വകലാശാലാ കാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന അനിശ്ചിതകാല സമരം

**ചോദ്യം**

ശ്രീ. ഇ. പി. ജയരാജൻ
,, എ. പ്രദീപ്കുമാർ
,, എം. ഹംസ
,, കെ. വി. അബ്ദുൾ ഖാദർ

**ഉത്തരം**

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് സർവ്വകലാശാലാ കാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന അനിശ്ചിതകാല സമരം ഒത്തു തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; സമരം ഒത്തു തീർക്കുന്നതിന് തടസ്സം നിൽക്കുന്ന കാര്യമെന്താണെന്ന് വ്യക്തമാക്കാമോ; | (എ) | കോഴിക്കോട് സർവ്വകലാശാലയിൽ ഡിപ്പാർട്ട്മെന്റ് സ്റ്റുഡന്റ്സ് യൂണിയന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾ നടത്തി വരുന്ന സമരം 09.03.15 ന് ബഹു. വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ ഒത്തുതീർപ്പായിട്ടുണ്ട്. |
| (ബി) | സർവ്വകലാശാലയിൽ റഗുലർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റലിൽ സ്വാശ്രയ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകിയ വൈസ് ചാൻസലറുടെ നടപടി സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ; | (ബി) & (സി) | കായിക വിദ്യാർത്ഥികൾക്ക് അവരുടെ സമയക്രമം അനുസരിച്ച് അതിരാവിലെ മുതൽ വൈകുന്നേരം വരെ പരിശീലനം നടക്കുന്നതിനാൽ ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് കാമ്പസിൽ താമസസൗകര്യം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമായാണ് സർവ്വകലാശാല കാണുന്നത്. കായിക വിദ്യാർത്ഥികൾക്കായി 3.7 കോടി രൂപ ചെലവിൽ സ്പോർട്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് കൈക്കൊള്ളുകയും പ്രസ്തുത ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം സി.പി.ഡബ്ല്യു. ഡി. യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇത്തരം തീരുമാനങ്ങൾ പൊതുവിദ്യാഭ്യാസത്തെ തകർക്കുന്നതിന് കാരണമാകുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (ഡി) | പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന് നാല് മാസമായി സർവ്വകലാശാലാ കാമ്പസ് വിദ്യാർത്ഥികൾ നടത്തിവരുന്ന സഹനസമരം ഒത്തുതീർക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഡി) | 09.03.2015 ന് വൈസ് ചാൻസലറുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിൽ വിദ്യാർത്ഥികൾ നടത്തിവന്ന സമരം ഒത്തു തീർന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ